# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2450** 18.12.2012- ൽ മറുപടിക്ക്

**മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിനെ ആധുനികവൽക്കരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിനെ ആധുനികവൽക്കരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ എൻ.സി.ഡി.സി സഹായത്തോടെയുള്ള 1340 ലക്ഷം രൂപയുടെ ആധുനികവൽക്കരണ നടപടികൾ പുരോഗമിച്ചുവരുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 536 ലക്ഷം രൂപ ഉൾപ്പെടെ നാളിതുവരെ 1112.09 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട ജോലികൾ പൂർത്തിയായി. പ്രിപ്പറേറ്ററി ഡിപ്പാർട്ട്മെന്റിൽ പഴയ യന്ത്രങ്ങൾ മാറ്റി സ്ഥാപിച്ച് പുതിയവ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. രണ്ടാം ഘട്ടം ജോലികൾ അവസാന ഘട്ടത്തിലാണ്. |
| (ബി) | കമ്പനിക്കാവശ്യമായ മൂലധനം നൽകുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ കുറഞ്ഞ ചെലവിന് നിർമ്മിക്കുന്നതിനും സത്വര നടപടികൾ കൈക്കൊള്ളുമോ; | (ബി) | 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ ടെക്സ്ഫെഡ് ഉൾപ്പെടെയുള്ള ടെക്സ്റ്റയിൽ മേഖലയ്ക്കായി 60 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. മില്ലിന്റെ ആധുനികവത്കരണ നടപടികൾ പൂർത്തിയാകുന്നതോടുകൂടി ഗുണമേൻമയുള്ള ഉല്പന്നങ്ങളുടെ ഉല്പാദനം നടത്തുവാൻ കഴിയും. |
| (സി) | ജീവനക്കാർക്ക് ആകർഷകമായ സേവന വേതന വ്യവസ്ഥകൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | 2011 മാർച്ച് മാസം 1-ാം തീയതി ഒപ്പുവച്ച ദീർഘകാല കരാർ അനുസരിച്ച് 2011 ഫെബ്രുവരി 16 മുതൽ ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ